"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കരകുളം വില്ലേജിൽ ബ്ലോക്ക് 34 ൽ റീസർവ്വെ 309/6 ൽ 81.15 ആർ, 309/2ൽ 62.10 ആർ, 299/9 ൽ 15.90 ആർ വസ്തു കൃഷിയോഗ്യമാക്കുന്നതിലേയ്ക്ക് ടി പുരയിടത്തിൽ സ്ഥിതിചെയ്യുന്ന 6006.445 മെ.ടൺ ഉരുളൻപാറകൾ നീക്കം ചെയ്യുന്നതിന് ശ്രീ.കുമാരദാസ്, ഭാസ്വ ഹൗസ്, അയണിക്കാട്, കരകുളം പി.ഒ, തിരുവനന്തപുരം എന്ന വ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.764/2025/ID തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 22.03.2025-ലെ ശ്രീ.കുമാരദാസ്, ശ്രീമതി.ചന്ദ്രിക, ഭാസ്വ ഹൗസ്, അയണിക്കാട്, കരകുളം പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ
3. 18.03.2025-ലെ നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDO-NDD/1337/2024-E/K.Dis നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
4. 16.04.2025-ലെ തിരുവനന്തപുരം ജില്ലാ സീനിയർ ജിയോളജിസ്റ്റിന്റെ DOTHI-DMG/386/2025-M നമ്പർ കത്ത്.
5. 27.05.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/1100/2025-M3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ശ്രീ.കുമാരദാസ്, ശ്രീമതി.ചന്ദ്രിക, ഭാസ്വ ഹൗസ്, അയണിക്കാട്, കരകുളം പി.ഒ, തിരുവനന്തപുരം എന്നിവർ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കരകുളം വില്ലേജിൽ ബ്ലോക്ക് 34 ൽ റീസർവ്വെ 309/6 ൽ 81.15 ആർ, 309/2ൽ 62.10 ആർ, 299/9 ൽ 15.90 ആർ വസ്തു കൃഷി യോഗ്യമാക്കുന്നതിലേയ്ക്ക് ടി പുരയിടത്തിൽ സ്ഥിതിചെയ്യുന്ന ഉരുളൻപാറകൾ നീക്കം ചെയ്യുന്നതിന് അനുമതി ലഭിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തുകയും ടി സ്ഥലത്ത് നിന്നും 6006.445 മെട്രിക് ടൺ ഉരുളൻ പാറകൾ നീക്കം ചെയ്യുവാനുള്ളതായി RQP അളന്നു തിട്ടപ്പെടുത്തി റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെന്നും ജില്ലാ സീനിയർ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അനുബന്ധ രേഖകളോടൊപ്പം നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാമർശം(3) നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ശ്രീ. കുമാരദാസ് എന്നയാളുടെ പേരിൽ ഉരുളൻപാറ നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി ശ്രീമതി. ചന്ദ്രിക നോട്ടറി അറ്റസ്റ്റ് ചെയ്ത സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കരകുളം വില്ലേജിൽ ബ്ലോക്ക് 34 ൽ റീസർവ്വെ 309/6 ൽ 81.15 ആർ, 309/2ൽ 62.10 ആർ, 299/9 ൽ 15.90 ആർ വസ്തു കൃഷിയോഗ്യമാക്കുന്നതിലേയ്ക്ക് ടി പുരയിടത്തിൽ സ്ഥിതിചെയ്യുന്ന 6006.445 മെ.ടൺ ഉരുളൻപാറകൾ നിബന്ധനകൾക്ക് വിധേയമായിനീക്കം ചെയ്യുന്നതിന് ശ്രീ.കുമാരദാസ് എന്ന വ്യക്തിക്ക് 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം അനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(5) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

2).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കരകുളം വില്ലേജിൽ ബ്ലോക്ക് 34 ൽ റീസർവ്വെ 309/6 ൽ 81.15 ആർ, 309/2ൽ 62.10 ആർ, 299/9 ൽ 15.90 ആർ വസ്തു

കൃഷിയോഗ്യമാക്കുന്നതിലേയ്ക്ക് ടി പുരയിടത്തിൽ സ്ഥിതിചെയ്യുന്ന 6006.445 മെ.ടൺ ഉരുളൻപാറകൾ ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ശ്രീ.കുമാരദാസ്, ഭാസ്വ ഹൗസ്, അയണിക്കാട്, കരകുളം പി.ഒ, തിരുവനന്തപുരം എന്ന വ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.എക്സ്പ്ലോസീവ് ഉപയോഗിച്ചുള്ള ഖനന പ്രവർത്തനങ്ങൾ അനുവദനീയമല്ല. എക്സ്പ്ലോസീവ് ഉപയോഗിക്കുന്ന പക്ഷം അനുമതി റദ്ദ് ചെയ്യുന്നതും ടി ഖനനപ്രവർത്തനം അനധികൃത ഖനനമായി കണക്കാക്കി നിയമ നടപടി സ്വീകരിക്കുന്നതുമാണ്.

2.ടി പ്രവൃത്തി നിമിത്തം സമീപവാസികൾക്ക് ബുദ്ധിമുട്ടോ സമീപവസ്തുക്കൾക്ക് നാശനഷ്ടമോ ഉണ്ടാകാൻ പാടില്ല.

3.പരിസ്ഥിതിക്ക് കോട്ടം വരാതെയും റോഡ് ഗതാഗതം തടസ്സപ്പെടാതെയും ഉരുളൻ പാറ നീക്കം ചെയ്യേണ്ടതാണ്.

4.റവന്യൂ ഡിവിഷണൽ ഓഫീസർ അനുവദിച്ച NOC-യിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്

5.റീസർവ്വെ 309/6 ൽ 81.15 ആർ, 309/2ൽ 62.10 ആർ, 299/9 ൽ 15.90 ആർ വസ്തുവിൽ നിന്നും 6006.445 മെട്രിക് ടൺ ഉരുളൻ പാറ മാത്രമേ നീക്കം ചെയ്യുവാൻ പാടുള്ളൂ. അനുവദിച്ച അളവിൽ കൂടുതൽ ധാതു നീക്കം ചെയ്യുന്ന പക്ഷം ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

6.അവധി ദിവസങ്ങളിൽ ധാതു ഖനനം, ധാതു കടത്ത് എന്നീ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല.

7.ജില്ല മിനറൽ സ്ക്വാഡ് കൃത്യമായി പരിശോധന നടത്തി അനധികൃത പ്രവർത്തനം നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8. തിരുവനന്തപുരം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

9.ചട്ടം 104 പ്രകാരം നൽകിയ പ്രത്യേകാനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം

റവന്യൂ ഡിവിഷണൽ ഓഫീസർ, നെടുമങ്ങാട്

ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം

ശ്രീ.കുമാരദാസ്, ഭാസ്വ ഹൗസ്, അയണിക്കാട്, കരകുളം പി.ഒ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

സെക്ഷൻ ഓഫീസർ

Date: 27-06-2025 15:12:02